പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3075** — **19.06.2018 ൽ മറുപടിയ്ക്ക്**

# കേരളത്തിലെ നാളികേര ഉത്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ നാളികേര ഉത്പാദനം കുറഞ്ഞതു വഴി നാളികേര വിലയിൽ വൻ വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഉൽപ്പാദനത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല എങ്കിലും വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) ഇപ്രകാരം നാളികേര ഉത്പാദനം കുറയാനുണ്ടായ സാഹചര്യം എന്താണ്; ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ നാളികേര ഉത്പാദനത്തിൽ കേരളത്തിന്റെ സ്ഥാനമെത്രയാണ്; | ബി) നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുവാൻ ഇടയാക്കി. കൂടാതെ രോഗങ്ങളും, കീടബാധകൾ മൂലവും ഉല്പാദനക്ഷമത കുറയുവാൻ കാരണമായിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലി ചിലവും കാരണം ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഭാരത സർക്കാരിന്റെ കൃഷി മന്ത്രാലയത്തിന്റെ ഹോർട്ടിക്കൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച 2015-16 ലെയും, 2016-17 ലെയും കണക്കുകൾ പ്രകാരം നാളികേര ഉത്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. |
| സി) കേരളത്തിൽ ഇപ്രകാരം നാളികേര കൃഷിയിൽ തളർച്ച വന്നപ്പോൾ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഫലപ്രദമാണോ; വിശദമാക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

Mayur

**സെക്ഷൻ ഓഫീസർ**